<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പത്താം സമ്മേളനം</u>

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1768 | 21.01.2014 ൽ മറുപടിയ്ക്ക് |
|---|---|
| **പഞ്ചായത്തുതല ജാഗ്രതാ സമിതികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. എം. എ. വാഹീദ്**<br>**ശ്രീ. വി. പി. സജീന്ദ്രൻ**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. വർക്കല കഹാർ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും**<br>**വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നവയാണ്.<br>(1) സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ സംരക്ഷിക്കത്തക്ക വിധം അവർക്ക് എതിരെ ഉണ്ടാകുന്ന ഏത് അതിക്രമത്തിനും വിവേചനത്തിനും നിയമലംഘനത്തിനും ചൂഷണത്തിനും നീതി നിഷേധത്തിനും എതിരെ സ്വയം ഇടപെടുകയും പരിഹരിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.<br>(2) സ്ത്രീകളും കുട്ടികളും കക്ഷികളായിട്ടുള്ള ഏതു പരാതിയും സ്വീകരിക്കുകയും അടിയന്തിര ഇടപെടലുകൾ വഴിയോ സഹായസംവിധാനങ്ങൾ വഴിയോ പരിഹാരമുണ്ടാക്കുകയും ചെയ്യുക.<br>(3) ജാഗ്രതാ സമിതിയ്ക്ക് സ്വയം പരിഹരിക്കാൻ കഴിയാത്ത പരാതികൾ, പ്രശ്നങ്ങൾ എന്നിവ ജില്ലാ ജാഗ്രതാ സമിതി, വനിതാ കമ്മീഷൻ, ഇതര സർക്കാർ സംവിധാനങ്ങൾ, നിയമ സഹായവേദികൾ എന്നിവിടങ്ങളിൽ എത്തിക്കുക, തുടർ പ്രവർത്തനങ്ങൾ നടത്തുക, പരിപാടിയുടെ ഗുണം താഴെ തലം വരെ എത്തിക്കുക. |

| | |
|---|---|
| | (4) സ്ത്രീകളുടെയും പെൺകുട്ടികളുടേയും വിവിധ അവകാശ സംരക്ഷണത്തിനുള്ള പ്രാദേശികവും സർക്കാർ തലത്തിലുമുള്ള ഏജൻസികളേയും വകുപ്പുകളേയും സംവിധാനങ്ങളേയും ഏകോപിപ്പിക്കുകയും ബന്ധിപ്പിക്കുകയും ചെയ്യുക. ഐ.സി.പി.എസ്, നിർഭയ തുടങ്ങിയവയുടെ ഗ്രാമ/നഗരസഭ പ്രവർത്തനങ്ങളെ ജാഗ്രതാ സമിതിക്കൊപ്പം ഉൾക്കൊള്ളിച്ച് ഏകോപന പ്രവർത്തനങ്ങൾ സാധ്യമാക്കുക.<br>(5) നാട്ടിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ യാതൊരുവിധ പ്രശ്നങ്ങളുമുണ്ടാകാത്ത സമഭാവനയോടുകൂടിയ അന്തരീക്ഷം സൃഷ്ടിക്കാനുതകുന്ന തരത്തിലുള്ള പരിപാടികൾക്ക് രൂപം നൽകി നടപ്പിലാക്കുക.<br>(6) ലക്ഷ്യപ്രാപ്തിക്കായി വിവിധതരത്തിലുള്ള കൂട്ടായ്മകൾ ഉണ്ടാക്കുകയും ജനകീയ സംവിധാനങ്ങൾ ഉപയുക്തമാക്കുകയും ചെയ്യുക.<br>(7) തദ്ദേശസ്വയംഭരണ സ്ത്രീപക്ഷ പ്രവർത്തനങ്ങൾക്ക് സഹായവും നിർദ്ദേശവും പിന്തുണയും നൽകുക. |
| (ബി) കുട്ടികൾക്കെതിരായ പീഡനങ്ങൾ ഒഴിവാക്കുന്നതിന് ജാഗ്രതാ സമിതികളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ ഒഴിവാക്കുന്നതിന് ജാഗ്രതാ സമിതികൾക്ക് വ്യത്യസ്ത തലങ്ങളിലായി ഇടപെടാൻ കഴിയുന്നതാണ്.പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ നിർഭയയുടെ നോഡൽ അദ്ധ്യാപകരെ ജാഗ്രതാ സമിതിയിൽ അംഗങ്ങളാക്കി മാറ്റുന്നതിനും കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾക്കെതിരെ പ്രതികരിക്കുവാൻ കഴിയുന്ന വിധത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ജാഗ്രതാ സമിതികൾക്ക് ചെയ്യുവാൻ കഴിയുന്നതാണ്. പഞ്ചായത്ത് തലത്തിൽ കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ നടന്നാൽ സ്വമേധയാ വിഷയങ്ങളിൽ ഇടപെടുവാനും സർക്കാർ സംവിധാനങ്ങളിലൂടെ പരിഹാരം തേടുവാനുമുള്ള അധികാരം ജാഗ്രതാ സമിതികൾക്ക് |

| | |
|---|---|
| | ഉണ്ടാകുന്നതാണ്. ജാഗ്രതാ സമിതികളിലൂടെ പരിഹാരം കാണാൻ കഴിയുന്നതും പരിഹരിക്കുവാൻ കഴിയുന്നതുമായ പ്രശ്നങ്ങൾ അത്തരം പ്രവർത്തനത്തിലൂടെ പരിഹരിക്കുന്നതാണ്. |
| (സി) ഇതു സംബന്ധിച്ച പഠനറിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (സി) യും (ഡി)യും<br>ജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള ശുപാർശ സമർപ്പിക്കുവാൻ തൃശ്ശൂരിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |
| (ഡി) ഇതു നടപ്പാക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | |

**സെക്ഷൻ ഓഫീസർ**